# ജി.എൽ.പി.എസ് പാലൂർ

# അക്കാദമിക മാസ്റ്റർപ്ലാൻ

# ഉള്ളടക്കം

ആമുഖം, സ്കൂൾ ചരിത്രം, സംക്ഷിപ്തം

ലക്ഷ്യങ്ങൾ

നിലവിലുള്ള അവസ്ഥ

വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്കുകൾ

പ്രവർത്തനങ്ങൾ

1. മലയാളഭാഷ അമ്മഭാഷ
2. ഞങ്ങളെ സ്നേഹിക്കൂ നിങ്ങളെ കാത്തിടാം
3. വരൂ അനായാസം ഇംഗ്ലീഷ് പഠിക്കാം.
4. ഗുരുവിനോട് ചോദിക്കാം
5. വായനാ പരിപോഷണത്തിന് ലൈബ്രറി
6. എനിക്കും വേണം എൽ.എസ്.എസ്
7. ദിനാചരണങ്ങൾ എത്രത്തോളം
8. പഠനം ലഘുപരീക്ഷണങ്ങളിലൂടെ
9. നമുക്കും ജൈവകൃഷിയാവാം
10. പാടച്ചും രചിച്ചും
11. ടാലന്റ് ലാബ്
12. കയ്യെഴുത്തു മാസിക

സ്കൂളിലെ വിവിധ ക്ലബ്ബുകളുടേയും വകുപ്പുകളുടേയും ചുമതലകൾ

അക്കാദമിക് കലണ്ടർ

# സ്കൂൾ ചരിത്രം – സംക്ഷിപ്തം

നാദാപുരം സബ്ജില്ലയിലെ വാണിമേൽ പഞ്ചായത്തിലെ വിലങ്ങാട് മലയിൽ സ്ഥിതി
ചെയ്യുന്ന ഒരു മലയോര ഗ്രാമമാണ് പാലൂർ. കുന്നുകളാലും നിബിഡ വനങ്ങളാലും ചുറ്റ
പ്പെട്ട് കിടക്കുന്ന പ്രദേശം. 1974-ലെ കുടിയേറ്റ ജനതയുടെ ആത്മസാക്ഷാത്ക്കാരമാണ് ഈ
സരസ്വതി ക്ഷേത്രം. വിവിധ മതസമുദായങ്ങളിൽപ്പെട്ട കുട്ടികൾ ഒരുമിച്ചിരുന്ന് പഠിച്ചിരുന്ന
ഈ പള്ളിക്കൂടത്തിൽ ഇപ്പോൾ 27 വിദ്യാർത്ഥികൾ പഠിക്കുന്നു. 94 ശതമാനം പേരും കുറിച്യ
വിഭാഗത്തിൽപ്പെട്ടവർ. ദിവസവും കൂലിപ്പണി ചെയ്തു കുടുംബം പുലർത്തുന്ന രക്ഷിതാ
ക്കൾ. സ്കൂളിലെത്താൻ മാർഗ്ഗതടസ്സം ഏറെയുള്ള പാലൂരിലേക്ക് ടാർ ചെയ്ത റോഡ്
വന്നിട്ട് രണ്ടു വർഷം മാത്രമേ ആയിട്ടുള്ളു. ഇക്കാലയളവിൽ പള്ളിക്കൂടത്തിൽ പഠനം നട
ത്തിയവരും അധ്യാപനം നടത്തിയവരും ധാരാളം പേർ. വളരെ കുറച്ചുകാലം മാത്രം പള്ളി
ക്കൂടത്തിലെത്തി മറ്റിടങ്ങളിലേക്ക് കൂട് മാറിപ്പോയവർ. സേവന തൽപരരായി ദീർഘകാലം
പിന്നിട്ടവർ, പരിമിതർ. മാറിവരുന്ന അധ്യാപകരുടേയും നിലവിലുള്ള അധ്യാപകരുടേയും
കൈയിൽ സ്കൂൾ ഭദ്രം.

2017-18 കാലയളവിൽ ഈ സരസ്വതി ക്ഷേത്രത്തിന് വയസ്സ് 37. എന്നാൽ ഇന്നും രൂപം
കൊണ്ടും ചന്തം കൊണ്ടും ഇവർ മധുരപ്പതിനേഴുകാരി. സർവ്വാഭരണ വിഭൂഷിതയായി ഇതാ
അവൾ വളർന്നു കൊണ്ടിരിക്കുന്നു. ചരിത്രം ഇനിയും രചിക്കപ്പെടും. തത്കാലം വിട.....

പാലൂർ ഗവണ്മെന്റ് എൽ.പി.സ്കൂൾ വളർന്നു വലുതായിക്കൊണ്ടിരിക്കുന്നു. അക്കാദമിക
രംഗത്തും ഭൗതിക മേഖലയിലും ഇനിയും ഒട്ടേറെ മാറ്റങ്ങൾ പ്രതീക്ഷിക്കാം. അക്കാദമിക
മേഖലയിൽ കരുത്തുറ്റ പ്രവർത്തനങ്ങളുമായി സ്കൂൾ മുന്നേറുകയാണ്. അടുത്ത ഏതാനും
വർഷങ്ങളിലേക്കുള്ള അക്കാദമിക പ്രവർത്തനങ്ങളുമായി അധ്യാപകരും വിദ്യാർത്ഥികളും
രക്ഷാകർത്താക്കളും ഇതാ കൈകോർത്തിരിക്കുന്നു. ഇനിയൊരു തിരിച്ചു പോക്കില്ല. മുന്നോ
ട്ടുള്ള കുതിപ്പ് മാത്രം. അതിന് സർവ്വ ജനതയുടേയും അനുഗ്രഹാശംസകളാഗ്രഹിക്കുന്നു.

അക്കാദമിക രംഗത്തെ നിലവാരമുയർത്താനുള്ള ഏതാനും പ്രവർത്തനങ്ങൾ ആണ് താഴെ
കൊടുക്കുന്നത്. ഭാഷ, ശാസ്ത്രം, ഗണിതം, പരിസരപഠനം, ഇംഗ്ലീഷ്, ഐ.ടി, വർക്ക്
എക്സ്പീരിയൻസ്, കായിക പരിശീലനം തുടങ്ങിയ മേഖലകളിൽ സമഗ്രമായ വളർച്ചയ്ക്ക്
ഊന്നൽ കൊടുക്കുന്നു. ആമുഖമായി ഇത്രമാത്രം.

# ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക നിലവാരമുയർത്തി പൊതു വി[illegible] ഭ്യാസം അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കുക.
- പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുക.
- കുട്ടികളുടെ കലാപരവും സർഗാത്മകവുമായ കഴിവുകൾ വളർത്തിയെടുക്കുക.
- കായിക വിദ്യാഭ്യാസത്തിലൂടെ ആരോഗ്യമുള്ള ഒരു തലമുറയെ വളർത്തിയെടുക്കു[illegible]
- പ്രകൃതിയെ സംരക്ഷിച്ചു കൊണ്ടുള്ള ഒരു ജീവിത സംസ്കാരം വാർത്തെടുക്കുക.
- മലിനമാക്കാത്ത പ്രകൃതിയേയും പ്രകൃതി വിഭവങ്ങളും അടുത്ത തലമുറയിലേ[illegible] കൈമാറുക.
- ഐ.ടി വിദ്യാഭ്യാസത്തിലൂടെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള വ[illegible] നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികളെ സഹായിക്കുക.
- സർവ്വോപരി ജാതി-മത ചിന്തകൾക്കതീതമായി മതേതര കാഴ്ചപ്പാടുള്ള ഒരു ജനത[illegible] സൃഷ്ടിച്ച് മാനവ വിനാശത്തിനുള്ള വിധ്വംസക പ്രവർത്തനങ്ങളിൽ നിന്ന് നമ്മു[illegible] നാടിനേയും ജനങ്ങളേയും സംരക്ഷിക്കുക.

# സ്കൂളിന്റെ നിലവിലുള്ള അവസ്ഥ

നാലു മലകൾക്കു നടുവിൽ താഴ്ന്ന പ്രദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. സ്കൂളിന്റെ മേൽവശത്തുകൂടി ടാറിട്ട റോഡ് ഉണ്ട്. ടാറിട്ട റോഡിൽ നിന്നും സ്കൂളിലേക്കുള്ള റോഡ് ടാർ ചെയ്തിട്ടില്ല. ആകെ കുട്ടികൾ 24 ഒരാളൊഴികെ ബാക്കിയെല്ലാവരും എസ്.ടി.കുട്ടികൾ. ഹെഡ്മാസ്റ്ററടക്കം 4 അധ്യാപകരിൽ ഒരാൾ ഡെയ്‌ലി വെയ്ജസ് ആണ്. അവർ ഫീമെയിലാണ്. കൂടാതെ ഒരു പി.ടി.സി.എം ഉണ്ട്. സ്കൂളിന് സൗകര്യമുള്ള 2 കെട്ടിടങ്ങളിൽ ഒന്നാമത്തെ കെട്ടിടത്തിന്റെ അകം ഒരു തുറന്ന ഹാൾ ആണ്. ഹാളിൽ ഒരു സ്റ്റേജുണ്ട്. 2 ക്ലാസ് റൂമുകൾ അവിടെ പ്രവർത്തിക്കുന്നു. ഇതിനു പുറമെ ഒരു മുറി കിച്ചനായി ഉപയോഗിക്കുന്നു. വിറകു പുര ഇല്ല. അർദ്ധഭിത്തിയിൽ കമ്പിയിട്ടാണ് ഒന്നാമത്തെ മുറിയിൽ ക്ലാസുകൾ തയ്യാറാക്കിയിട്ടുള്ളത്. രണ്ടാമത്തെ കെട്ടിടത്തിൽ 3 മുറികൾ. ഒരു മുറി ഓഫീസ് റൂം. മറ്റു രണ്ടു മുറികൾ ക്ലാസ് റൂം. ക്ലാസ് റൂം രണ്ടു കെട്ടിടത്തിലും ടൈൽ പാകിയതാണ്. കളിസ്ഥലം വിശാലമായതാണ്. കെട്ടിടങ്ങളിൽ ഒന്ന് ഓടിട്ടതും മറ്റേത് കോൺക്രീറ്റുമാണ്. കോൺക്രീറ്റ് കെട്ടിടം അത്ര സുരക്ഷിതമല്ല. വൈദ്യുതിയുണ്ട്. മൊബൈൽ നെറ്റ് കണക്ഷൻ ലഭ്യമല്ല. കടുത്ത വേനലിൽ കിണറിലെ വെള്ളം വളരെ കുറയും. പി.ടി.എ, എം.പി.ടി.എ വിളിച്ചു ചേർക്കാറുണ്ട്. ആവശ്യത്തിന് ഫർണിച്ചറുകൾ ഉണ്ട്. എസ്.ആർ.ജി മാസത്തിൽ രണ്ടു പ്രാവശ്യത്തിൽ കൂടുതൽ തവണ ചേരാറുണ്ട്. ഉച്ചഭക്ഷണം വൃത്തിയായി പാചകം ചെയ്ത് വിതരണം ചെയ്യുന്നുണ്ട്. ഗ്യാസ് അടുപ്പിലാണ് പാചകം. പച്ചക്കറി കൃഷിയുണ്ട്. വെള്ളം കുറവായതിനാൽ ജൈവപാർക്ക് സ്ഥാപിച്ചിട്ടില്ല. സാമൂഹ്യ പങ്കാളിത്തം ഇപ്പോൾ സ്കൂളിന് കൂടുതലായി ലഭിക്കുന്നുണ്ട്. ഗതാഗത സൗകര്യം അൽപ്പം പ്രയാസമാണ്. [illegible] ജീപ്പ് മാത്രമേ ഉള്ളു. കുട്ടികൾക്ക് ഗോത്രസാരഥി വാഹനം ഗതാഗതത്തിനായി ഉണ്ട്. പാവപ്പെട്ട കൂലിപ്പണിക്കാരാണ് മുഴുവൻ രക്ഷിതാക്കളും. മാവേലി സ്റ്റോറിൽ നിന്നും അരി സ്കൂളിലെത്തിക്കാൻ വളരെ പ്രയാസമാണ്. സാമ്പത്തികമായ പരിമിതി മൂലം എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്തു വിജയിപ്പിക്കാൻ കഴിയുന്നില്ല. സ്കൂളിനെ സംബന്ധിച്ച അവസ്ഥ ഇത്ര മാത്രമാണ്.

| ക്രമ നമ്പർ | ക്ലാസ് | കുട്ടികളുടെ എണ്ണം | | എസ്. സി | | എസ്. ടി | | ജനറൽ ഒ.ബി.സി | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | B | G | B | G | B | G | B | G | |
| 1 | I | 6 | 0 | 0 | 0 | 6 | 0 | 0 | 0 | 6 |
| 2 | II | 2 | 2 | 0 | 0 | 2 | 2 | 0 | 0 | 4 |
| 3 | III | 5 | 3 | 0 | 0 | 4 | 3 | 1 | 0 | 8 |
| 4 | IV | 3 | 3 | 0 | 0 | 3 | 3 | 0 | 0 | 6 |
| ആകെ | | 16 | 8 | 0 | 0 | 15 | 8 | 1 | 0 | 24 |

## Project 1

### മലയാളഭാഷ, അമ്മഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| മലയാളഭാഷ അനായാസം കൈകാര്യം ചെയ്യാനും തെറ്റാതെ എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക. ദൈനംദിന ജീവിതത്തിൽ ഭാഷാ ഉപയോഗത്തിലെ പ്രയാസം മറികടക്കുക. മാതൃഭാഷയിൽ വിവിധ വ്യവഹാരങ്ങൾ തയ്യാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | കുട്ടികളുടെ നിലവാരം മനസിലാക്കി പ്രയാസപ്പെടുന്ന മേഖലകളിൽ വേണ്ടത്ര പരിശീലനം നൽകി പരിഹാര ബോധനം നൽകൽ. എസ്.ആർ.ജിയിൽ ചർച്ച് നടത്തി പി.ടി.എ വിളിച്ചു ചേർക്കൽ. പഠന പിന്നോക്കമുള്ള കുട്ടികളെ കണ്ടെത്തൽ. സ്വയം തയ്യാറാക്കിയ/ സർക്കാരിൽ നിന്ന് ലഭിച്ച മൊഡ്യൂളുകളനുസരിച്ച് പരിശീലനം നൽകൽ. പോസ്റ്റ് ടെസ്റ്റിലൂടെ പരിഹാരബോധനം പൂർത്തിയാക്കൽ. ചുമതലപ്പെടുത്തുന്ന അധ്യാപകർ, എസ്.എം.സി അംഗങ്ങൾ എന്നിവർക്ക് ചുമതല. | ജൂൺ, ജൂലായ് മാസങ്ങൾ | എസ്.എം.സി കണ്ടെത്തുന്നു. |

## Project 2

പ്രവർത്തനത്തിന്റെ പേര്: ഞങ്ങളെ സ്നേഹിക്കൂ, നിങ്ങളെ കാത്തിടാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ അനായാസംചെയ്യാൻ പ്രാപ്തരാക്കാൻ ദൈനംദിന ജീവിതത്തിൽ ചതുഷ്ക്രിയകളുടെ പ്രാധാന്യം മനസ്സിലാക്കൽ ഉയർന്ന ഗണിതാശയങ്ങൾ നേടാൻ പ്രാഥമിക ഗണിതാശയങ്ങൾ പ്രബലനം നടത്തി കുട്ടികളിൽ ഉറപ്പാക്കുക. | വലുത്, ചെറുത്, കൂടുതൽ, കുറവ് എന്നീ ആശയങ്ങൾ അറിയാത്ത കുട്ടികളുണ്ടോ എന്നും, ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യാൻ പ്രയാസപ്പെടുന്ന കുട്ടികളുണ്ടോ എന്ന് പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തൽ. മൊഡ്യൂൾ ഉപയോഗിച്ച് പരിശീലനം നൽകൽ. പി.ടി.എ യുടെ നേതൃത്വത്തിൽ പഠന സാമഗ്രി ശേഖരിക്കൽ. അദ്ധ്യാപകരും എസ്.എം.സി അംഗങ്ങളും പൂർവ്വ വിദ്യാർത്ഥികളും പരിശീലനം നൽകുന്നു. പ്രീ ടെസ്റ്റിലൂടെ പരിഹാരബോധനം നൽകൽ. | 5 മാസങ്ങൾ | ഗണിതാധ്യാപകൻ. ഗണിത തൽപരരായ രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ | രക്ഷിതാക്കൾ, പി.ടി.എ അംഗങ്ങൾ, സന്നദ്ധ സംഘടനകൾ |

## Project 3

**പ്രവർത്തനത്തിന്റെ പേര്: വരൂ, അനായാസം ഇംഗ്ലീഷ് പഠിക്കാം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ. ഭാഷണം, ലേഖനം, റൈമുകൾ ചൊല്ലി പഠിക്കൽ. എന്നിവ വളർത്തൽ. ഇംഗ്ലീഷ് പഠന നിലവാരം മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തൽ. തുടർന്ന് കുട്ടികളെ ഗ്രൂപ്പുകളാക്കൽ. കുട്ടികളെ സഹായിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ ബോധവൽക്കരണ ക്ലാസ്. ഇംഗ്ലീഷ് അസംബ്ലി ആഴ്ച തോറും നടത്തൽ. ഇംഗ്ലീഷ് ഡയറി എഴുത്ത്, ലഘുകുറിപ്പുകൾ എഴുതിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ബന്ധപ്പെട്ട അധ്യാപകർ | |

## Project 4

### പ്രവർത്തനത്തിന്റെ പേര്: ഗുരുവിനോട് ചോദിക്കാം പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് എത്രയും പെട്ടെന്ന് ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നു. പാഠപുസ്തകം പഠിപ്പിക്കുമ്പോൾ ഉണ്ടാവുന്ന സംശയങ്ങൾക്ക് നേരത്തെ തന്നെ മറുപടി കിട്ടുന്നു. അസംബ്ലിയിൽ വെച്ച് ചോദ്യങ്ങൾ ചോദിക്കുമ്പോൾ ബന്ധപ്പെട്ട വിഷയത്തെപ്പറ്റി മറ്റു കുട്ടികളുമായി ആശയവിനിമയം നടത്താനും അധ്യാപകന്റെ ജ്ഞാനനിലവാരം വളർത്താനും സാധിക്കുന്നു. പഠനം രസകരവും ആനന്ദകരമാക്കാനും എല്ലാ കുട്ടികൾക്കും അറിവു നേടാനും സാധിക്കുന്നു. പത്രപാരായണം വർദ്ധിക്കുന്നു. | ജൂൺ ആദ്യം തന്നെ കുട്ടികൾക്കറിയേണ്ട കാര്യങ്ങളെക്കുറിച്ച് അസംബ്ലി നടത്തുമ്പോൾ രണ്ടു മൂന്നു കുട്ടികൾ ചോദ്യമുന്നയിക്കുന്നു. ബന്ധപ്പെട്ട അധ്യാപകൻ ചോദ്യത്തിനുത്തരം നൽകുന്നു. അധ്യാപകന് വ്യക്തമാക്കാൻ പറ്റാത്ത കാര്യങ്ങളിൽ സഹ അധ്യാപകന് ഇദ്ദേഹത്തെ സഹായിക്കാവുന്നതാണ്. ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് അധ്യാപകൻ വിശദീകരണം നൽകേണ്ടതാണ്. മറുപടി കൊടുക്കാൻ പറ്റാത്ത ചോദ്യങ്ങൾക്ക് പിറ്റേ ദിവസം അധ്യാപകൻ ഉത്തരം കണ്ടെത്തി നൽകണം. | ജൂൺ മുതൽ മാർച്ച് വരെ | ബന്ധപ്പെട്ട അധ്യാപകൻ | |

## Project 5

**പ്രവർത്തനത്തിന്റെ പേര്: വായന പരിപോഷണത്തിന് ലൈബ്രറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക. അധികവായനയ്ക്കുള്ള സാമഗ്രികൾ കണ്ടെത്തി വായനയുടെ പ്രാധാന്യം എന്താണെന്ന് മനസ്സിലാക്കുക. വിവിധ ഗ്രന്ഥകർത്താക്കളേയും അവരുടെ രചനയേയും വായനയുടെ വിവിധ മൂല്യങ്ങളേയും കുറിച്ചുള്ള അറിവ് വളർത്തിയെടുക്കുക. | പി.ടി.എ വിളിച്ചു ചേർത്ത് കാര്യങ്ങൾ ചർച്ച ചെയ്യുന്നു. ജൂൺ 20ം വാരം മുതൽ പുസ്തക സമാഹരണം നടത്തൽ. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ സെലക്ട് ചെയ്യുക. ആവശ്യമായ പുസ്തകം രക്ഷാകർത്താക്കൾ മുഖാന്തരം കുട്ടികൾക്ക് നൽകുന്നു. ക്ലാസ് ലൈബ്രറി രൂപീകരണം, പുസ്തക വിതരണം എന്നിവ നടത്തൽ. പിറന്നാളിന് പുസ്തകം സമ്മാനമായി നൽകൽ. വായിച്ച പുസ്തകങ്ങളെപ്പറ്റി കുറിപ്പ് തയ്യാറാക്കി നല്ല കുറിപ്പുകൾ അസംബ്ലിയിൽ വായിച്ചംഗീകരിക്കൽ. | ജൂൺ 20ം വാരം മുതൽ മാർച്ച് 31 വരെ | എച്ച്.എം, ക്ലാസ് ടീച്ചർ, പി.ടി.എ | |

## Project 6

### പ്രവർത്തനത്തിന്റെ പേര്: എനിക്കും വേണം എൽ.എസ്.എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാലാം ക്ലാസു വരെയുള്ള അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പൊതു നിലവാരം മനസ്സിലാക്കുക<br>സംസ്ഥാനത്തെ മികച്ച കുട്ടികൾ ആരെല്ലാമെന്ന് കണ്ടെത്തുക.<br>ഒരു പൊതുപരീക്ഷയെ നേരിടാൻ പരിശീലിക്കുക. | 3, 4 ക്ലാസുകളിലെ മികച്ച വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>നിശ്ചിത സമയങ്ങളിൽ ദിവസവും 2 നേരം എൽ.എസ്.എസ് പരിശീലനം നൽകുക. (അവധി ദിവസങ്ങൾ ഉൾപ്പെടെ)<br>പരിശീലന ശേഷം സ്കൂൾതല പരീക്ഷകൾ നടത്തി ശരിയായ ദിശാബോധം നൽകൽ.<br>എൽ.എസ്.എസ് പരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കൽ. | ആഗസ്ത് മുതൽ മാർച്ച് വരെ | ബന്ധപ്പെട്ട ക്ലാസിലെ അധ്യാപകർ, കഴിവുള്ള അധ്യാപകർ, ഹെഡ്മാസ്റ്റർ. | |

## Project 7

### പ്രവർത്തനത്തിന്റെ പേര്: ദിനാചരണങ്ങൾ എത്രത്തോളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ കഴിയുന്നു. വായിച്ച പുസ്തകങ്ങളെപ്പറ്റി കുറിപ്പ് തയ്യാറാക്കുന്നു. പ്രധാനപ്പെട്ട ദിനങ്ങൾ ഏതെന്ന് കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം തന്നെ പ്രധാനപ്പെട്ട ദിനങ്ങൾ കണ്ടെത്തി ചാർട്ട് ചെയ്യുന്നു. അതാത് ദിനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നു. ഏറ്റവും പ്രാധാന്യമർഹിക്കുന്ന ദിനങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | നിർദ്ദേശിക്കപ്പെടുന്ന അധ്യാപകർ, രക്ഷിതാക്കൾ | |

# Project 8

## പ്രവർത്തനത്തിന്റെ പേര്: പഠനം ലഘു പരീക്ഷണങ്ങളിലൂടെ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസര പഠനത്തിൽ അഭിരുചിയും താൽപര്യവും വളർത്തൽ<br>പരീക്ഷണം കൈകാര്യം ചെയ്യാൻ പരിശീലിക്കൽ<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>ശാസ്ത്രതത്വങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നു. | ജൂൺ ആദ്യവാരം തന്നെ പരീക്ഷണങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തുന്നു.<br>വ്യവഹാര മേഖലകൾ ഏതെന്ന് കണ്ടെത്തുന്നു.<br>ജൂലായ് തുടക്കത്തിൽ തന്നെ അതാത് പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണം നടത്തുന്നു.<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.<br>ആഗസ്ത് മാസത്തോടെ ഫീൽഡ് ട്രിപ്പ് നടത്തുന്നു, ഒക്ടോബറിൽ ലഘുപ്രദർശനങ്ങളിലൂടെ വിവര ശേഖരണം നടത്തി നിഗമനങ്ങൾ തയ്യാറാക്കൽ, ശാസ്ത്ര മാസിക, സി.ഡി, വീഡിയോ പ്രദർശിപ്പിക്കൽ, ഇല, വിത്ത്, വേര് ശേഖരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എസ്.ആർ.ജി, അധ്യാപകർ, എസ്.എസ്.ജി, ശാസ്ത്ര താൽപര്യമുള്ളവർ | |

# Project 9

## പ്രവർത്തനത്തിന്റെ പേര്: നമുക്കും ജൈവകൃഷിയാവാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.<br>സ്വയം കൃഷി ചെയ്യാനും കൃഷിയിൽ സ്വാശ്രയത്വം നേടാനും പരിശീലിക്കുക.<br>രോഗങ്ങളെ അകറ്റുക, വില കൊടുക്കാതെ പച്ചക്കറികളും മറ്റും ഉപയോഗിക്കുക.<br>ഉച്ചഭക്ഷണം പരിപോഷിപ്പിക്കൽ.<br>രാസവളം പൂർണ്ണമായും ഒഴിവാക്കി ആയുസ്സും ആരോഗ്യവും വർദ്ധിപ്പിക്കുക. | നവംബറിൽത്തന്നെ സ്കൂളിൽ അനുയോജ്യമായ കൃഷിസ്ഥലം കണ്ടെത്തിയൊരുക്കൽ.<br>വളം ചേർത്ത് വിത്ത് നടൽ, നന, അനുബന്ധ പ്രവർത്തനങ്ങൾ നടത്തൽ.<br>ദിവസവും ഒരു നേരമെങ്കിലും നനയ്ക്കൽ.<br>വിളവെടുക്കൽ.<br>വിളവെടുത്ത പച്ചക്കറി ഉപയോഗിച്ച് ഉച്ചഭക്ഷണം തയ്യാറാക്കൽ. | നവംബർ മുതൽ മാർച്ച് വരെ | വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, പ്രാദേശിക കൃഷിക്കാർ | പഞ്ചായത്ത്, സ്കൂൾ. |

## Project 10

### പ്രവർത്തനത്തിന്റെ പേര്: പഠിച്ചും രചിച്ചും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ പ്രവർത്തനങ്ങളിലും ചിത്രരചനയിലും കുട്ടികളെ പ്രാപ്തരാക്കുക.<br>ദൈനംദിനാവശ്യത്തിനായി ലോകോസ്റ്റ് മെറ്റീരിയൽ കൊണ്ട് വിവിധ വസ്തുക്കൾ നിർമ്മിക്കുക.<br>പാഴ് വസ്തുക്കളെ പ്രയോജനപ്പെടുത്തി പ്രകൃതി മലിനീകരണം തടയുക.<br>ഒരു ജീവിതോപാധി കണ്ടെത്തുക. | പി.ടി.എ (ജൂലായ് മാസം) വിളിച്ചു ചേർക്കുന്നു.<br>നിർമ്മാണ പ്രവർത്തനങ്ങളിലും ചിത്രരചനയിലും താത്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>ബന്ധപ്പെട്ട അധ്യാപകരെയും പ്രതിഭകളേയും പങ്കെടുപ്പിച്ചു പരിശീലനം നൽകുന്നു. ക്ലാസ്തല പരിശീലനം നൽകുന്നു.<br>കുട്ടികൾ നിർമ്മിച്ച ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | ജൂലായ് മുതൽ ഫിബ്രവരി വരെ | പ്രത്യേക കഴിവുള്ള രക്ഷിതാക്കൾ, അധ്യാപകർ, ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവർ. | |

# Project 11

## ടാലന്റ് ലാബ്

**ലക്ഷ്യങ്ങൾ**

പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി അവരുടെ സമഗ്രമായ കഴിവുകൾ വളർത്തിയെടുക്കുക, സമൂഹത്തിൽ മാതൃകാപരമായ പൗരന്മാരെ സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ടാലന്റ് ലാബ് പ്രത്യേക കഴിവുള്ള കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകൽ | | ടാലന്റ് ലാബിൽ ഉൾപ്പെടുത്തേണ്ട കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനങ്ങൾ – സംഗീതം, ചിത്രരചന, കഥാരചന, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ, അടിസ്ഥാന പരമായി മറ്റു കഴിവുകൾ എന്നിവ പരിശീലിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. അതിനാവശ്യമായ സാമഗ്രികളും സാങ്കേതികമായ പരിജ്ഞാനവും നേടുന്നു. | ജൂലായ് മുതൽ മാർച്ച് വരെ | അതാത് ക്ലാസ് ടീച്ചർ, എച്ച്.എം, പി.ടി.എ | പി.ടി.എ |

# Project 12

## കയ്യെഴുത്തു മാസിക

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളുടെ സർഗ്ഗാത്മക വാസനകൾ പരിപോഷിപ്പിക്കുക.<br>2. കുട്ടികളിൽ വ്യക്തിത്വബോധം വളർത്തുക.<br>3. കുട്ടികളെ ഉത്തമ പൗരന്മാരായി മാറ്റുക | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തി അവ മെച്ചപ്പെടുത്താനുള്ള മികച്ച പരിശീലനങ്ങൾ നൽകുന്നു. തുടർന്ന് ജൂലായ് മാസത്തിൽത്തന്നെ ഈ കുട്ടികളെ ഉപയോഗപ്പെടുത്തി കയ്യെഴുത്തു മാസികയുടെ പ്രാരംഭ പ്രവർത്തനം ആരംഭിക്കുന്നു. കുട്ടികളുടെ എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുന്നു. തുടർന്ന് കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും രചനകൾ ക്ഷണിക്കുന്നു. കുട്ടികളുടെ മികച്ച രചനകൾ ഉൾപ്പെടുത്തി നവംബർ മാസത്തിൽ ഒരു കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു. മികച്ച കയ്യെഴുത്തുള്ള കുട്ടികളെ കണ്ടെത്തി കയ്യെഴുത്തു മാസികയുടെ പ്രവർത്തനത്തിൽ പങ്കെടുപ്പിക്കുന്നു. | ജൂലായ് മുതൽ ഡിസംബർ മാസം വരെ | ഹെഡ്മാസ്റ്റർ, ചുമതലയുള്ള അധ്യാപകൻ | |

| | |
|---|---|
| ജൂൺ | 1. പ്രവേശനോത്സവം<br>2 പ്രീ ടെസ്റ്റ്<br>3 പിന്നോക്കക്കാർക്കുള്ള ക്ലാസ്<br>(മലയാളഭാഷ അമ്മഭാഷ)<br>4 പാഠഭാഗം<br>5 ദിനാചരണങ്ങൾ<br>(പരിസ്ഥിതി, വായനാദിനം, ബാലവേല<br>വിരുദ്ധദിനം<br>6 ഗുരുവിനോട് ചോദിക്കാം പരിപാടി |
| ജൂലായ് | 1 പിന്നോക്കക്കാർക്കുള്ള ക്ലാസ്<br>2 പാഠാവതരണം<br>3 ദിനാചരണങ്ങൾ<br>4 ക്ലബ്ബുകളുടെ രൂപീകരണം<br>5 ചതുഷ്ക്രിയകൾ (5 മാസം)<br>6 പടച്ചും രചിച്ചും |
| ആഗസ്ത് | 1 ആഘോഷങ്ങൾ<br>2 പാഠഭാഗം<br>3 ദിനാചരണങ്ങൾ<br>(ഹിരോഷിമ, നാഗസാക്കി, ക്വിറ്റ് ഇന്ത്യ,<br>സ്വാതന്ത്ര്യദിനം)<br>4 ക്ലബ്ബുകളുടെ തുടർപ്രവർത്തനം<br>5 ഗുരുവിനോട് ചോദിക്കാം |

6 എനിക്കും വേണം എൽ.എസ്.എ

7 ദിനാചരണങ്ങൾ എത്രത്തോളം

| | |
|---|---|
| സപ്തംബർ | 1 ദിനാചരണങ്ങൾ (അധ്യാപകദിനം, ലോകസാക്ഷരതാദിനം.......) |
| | 2 പാഠഭാഗങ്ങൾ |
| | 3 ഗുരുവിനോട് ചോദിക്കാം |
| | 4 പരീക്ഷ - പാദവാർഷികം |
| ഒക്ടോബർ | 1 ദിനാചരണങ്ങൾ (ഗാന്ധിജയന്തി, തപാൽദിനം, ഐക്യരാഷ്ട്രദിനം...) |
| | 2 ദിനാചരണങ്ങൾ ക്വിസ് |
| | 3 പാഠഭാഗങ്ങൾ |
| | 4 കലാമേള |
| | 5 തുടർപ്രവർത്തനങ്ങൾ |
| നവംബർ | 1 ദിനാചരണങ്ങൾ (കേരളപ്പിറവി, ശിശുദിനം..........) |
| | 2 നമുക്കും ജൈവകൃഷിയാവാം |
| | 3 പാഠഭാഗങ്ങൾ |
| ഡിസംബർ | 1 പാഠഭാഗങ്ങൾ |
| | 2 ദിനാചരണങ്ങൾ |
| | 3 ഗുരുവിനോട് ചോദിക്കാം |
| | 4 ക്രിസ്തുമസ് പരീക്ഷ |
| | 5 എൽ.എസ്.എസ് പരിശീലനം |
| | 6 പഠനം ലഘുപരീക്ഷണങ്ങളിലൂടെ |

## ജനുവരി

1. പാഠഭാഗങ്ങൾ
2. ദിനാചരണങ്ങൾ (റിപ്പബ്ലിക് ദിനം 26, രക്തസാക്ഷി ദിനം 30)
3. ഗുരുവിനോട് ചോദിക്കാം.
4. ക്ലാസ്.പി.ടി.എ.
5. എനിക്കും വേണം എൽ.എസ്.എസ്.
6. പഠനം ലഘുപരീക്ഷണങ്ങളിലൂടെ
7. പഠനയാത്ര
8. ലൈബ്രറി വിതരണം.

## ഫെബ്രുവരി

1. പാഠഭാഗങ്ങൾ
2. ഗുരുവിനോട് ചോദിക്കാം.
3. ക്ലാസ്.പി.ടി.എ.
4. എനിക്കും വേണം. എൽ.എസ്.എസ്
5. പഠനം ലഘുപരീക്ഷണങ്ങളിലൂടെ
6. മികവവതരണം
   പഠനോത്സവം
7. ദിനാചരണങ്ങൾ അന്തർദേശീയ മാതൃഭാഷാദിനം - 21
   ശാസ്ത്രദിനം - 28
8. സംയുക്ത ഡയറി പ്രകാശനം.
9. രചനാ പരിചയക്കുറിപ്പ് പ്രകാശനം.

# മാർച്ച്

1. പാഠഭാഗങ്ങൾ
2. ദിനാചരണങ്ങൾ
   - 21 വനദിനം
   - 22 ജലദിനം
   - 23 കാലാവസ്ഥാദിനം.
3. ഗുരുവിനോട് ചോദിക്കാം.
4. ലഘുപരീക്ഷണങ്ങൾ
5. സ്കൂൾ വാർഷികം.
6. വാർഷിക മൂല്യനിർണയം.
7. അവധിക്കാല വായന

   വായന കാർഡുകൾ, കഥാപുസ്തകങ്ങൾ, ബാലമാസികകൾ വിതരണം.